## നഗരങ്ങളിലെ മാലിന്യനിർമ്മാർജ്ജനം ആവിഷ്കരിച്ച പദ്ധതികൾ

303 (3284) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(ബി) ഇവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ :

(സി) ഇതിൽ ഇൻസിനറേറ്റർ വാങ്ങിയതിൽ വന്ന വീഴ്ചകൾ പരിശോധിച്ചിട്ടുണ്ടോ ; ഇവ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമായവ ആയിരുന്നുവോ ;

(ഡി) ഭാവിയിൽ ഇൻസിനറേറ്റർ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന നിർദ്ദേശം നല്കിയിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിലേക്കായി പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനമുള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) നഗരസഭയിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനമുള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിലേക്കുമായി പദ്ധതി തയ്യാറാക്കി സമർപ്പിച്ച 27 നഗരസഭകളുടെ പദ്ധതി രേഖ പ്രാഥമികമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 51 നഗരസഭകൾക്ക് പദ്ധതി തുകയുടെ 100% സാമ്പത്തിക സഹായം മുൻകൂറായി അനുവദിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 51 നഗരസഭകൾ സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. എന്നാൽ നാട്ടുകാരുടെ ശക്തമായ എതിർപ്പിനെ തുടർന്ന് പാല നഗരസഭയിലും കൊയിലാണ്ടി നഗരസഭയിലും പദ്ധതി തുടങ്ങാൻ സാധിച്ചിട്ടില്ല. പ്ലാന്റ് പണിയുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ കാഞ്ഞങ്ങാട് നഗരസഭയിൽ പണി തുടങ്ങിയിട്ടില്ല. നിലമ്പൂർ നഗരസഭ പ്രൊപ്പോസൽ സമർപ്പിച്ച് സാങ്കേതികാനുമതി നേടാത്തതിനാൽ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല. ബാക്കിയുള്ള നഗരസഭകളിൽ ടി പ്ലാന്റുകളുടെ പണി പുരോഗമിച്ചു വരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന് അനുമതി നൽകിയ പത്തനംതിട്ട നഗരസഭ ഒഴികെയുള്ളവ ടി പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിൽ പയ്യന്നൂർ, നോർത്ത് പറവൂർ, തൊടുപുഴ, കാസർഗോഡ്, ഇരിങ്ങാലക്കുട, മഞ്ചേരി, കൽപ്പറ്റ, നെടുമങ്ങാട്, ചേർത്തല എന്നീ നഗരസഭകൾ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വിളപ്പിൽശാല ഖരമാലിന്യ സംസ്കരണ പ്ലാന്റ് തദ്ദേശവാസികളുടെ എതിർപ്പ് മൂലം പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വന്ന സാഹചര്യത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി സർക്കാർ പല മാർഗ്ഗങ്ങളും ആരായുകയുണ്ടായി. ഇത് പ്രകാരം ഖരമാലിന്യം കരിങ്കൽ ക്വാറികളിൽ നിക്ഷേപിച്ച് ലാൻഡ്ഫിൽ നടത്തുക, റെയിൽവേ പ്ലാറ്റ്ഫോമുകൾ നിർമ്മാണത്തിന് ഉപയോഗിക്കുക കൂടാതെ നഗരത്തിൽ നിന്ന് അകന്ന പ്രദേശത്ത് ഖരമാലിന്യ പ്ലാന്റ് നിർമ്മിച്ച് സംസ്കരണം നടത്തുക എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നുവെങ്കിലും ഇതെല്ലാം തന്നെ നാട്ടുകാരുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ കഴിയാതെ വന്നു. ഇതിനെ തുടർന്ന് ഖരമാലിന്യം സംസ്കരിക്കാവുന്ന തരത്തിൽ ഒരു മൊബൈൽ ഇൻസിനറേറ്റർ വാങ്ങാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുകയും ആയത് സിഡ്കോ വഴി വാങ്ങുകയും ചെയ്തു. വിളപ്പിൽശാല ഖരമാലിന്യ പ്ലാന്റ് പൂട്ടിയതിനെ തുടർന്ന് താൽക്കാലികമായ ഒരു പരിഹാരത്തിന് വേണ്ടിയാണ് ഇത്തരത്തിൽ തീരുമാനമെടുത്തത്. ഇത് തിരുവനന്തപുരം നഗരത്തിലെ ഉപയോഗത്തിനുശേഷം കേരളത്തിലെ വിവിധ മുനിസിപ്പാലിറ്റികളിൽ ഉപയോഗിക്കാനും ഉദ്ദേശിച്ചിരുന്നു. 2000-ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് പ്രകാരം പ്രത്യേക സാഹചര്യത്തിൽ ഇൻസിനറേറ്റർ ഉപയോഗിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി റൂൾസിൽ പറയുന്ന ഉണനിലവാരത്തിലുള്ള ഇൻസിനറേറ്റർ വാങ്ങാനാണ് നടപടി എടുത്തത്. ഖരമാലിന്യം അടിയന്തിരമായി നിർമ്മാർജ്ജനം ചെയ്യുക വഴി മാലിന്യത്തിൽ നിന്നുള്ള പരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഒഴിവാക്കാനാണ് ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊണ്ടത്.

(ഡി) ഇല്ല. കളമശ്ശേരി നഗരസഭയിൽ മൊബൈൽ ഇൻസിനറേറ്റർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly